വിവിധ സർക്കാർ കാലയളവുകളിലെ മന്ത്രിമാരുടെ ഡൽഹി യാത്രാചെലവും ലഭിച്ച ഉറപ്പുകളും

12 (2826) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പ്രധാന മന്ത്രിയെയും മറ്റു കേന്ദ്ര മന്ത്രിമാരെയും സന്ദർശിച്ച ഓരോ വേളയിലും പ്രധാന മന്ത്രിയോടും മറ്റു കേന്ദ്ര മന്ത്രിമാരോടും സംസ്ഥാന വികസനത്തിനായി ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമെന്നും ഇവയിൽ സംസ്ഥാനത്തിന് ലഭ്യമായവ എന്തെല്ലാമെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ യാത്രയിലും ആവശ്യപ്പെട്ട സംസ്ഥാന ആവശ്യങ്ങളിൽ ഉറപ്പുകൾ ലഭിച്ചതിനാൽ നടപ്പിലായത് ഏതെല്ലാമെന്നും നടപ്പിലാകാത്തത് ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ യാത്രവഴിയും കേന്ദ്ര സർക്കാർ അനുവദിച്ച സംസ്ഥാന ആവശ്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുവന്ന അപാകതകൾമൂലം നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങൾ ഏതെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നത്. സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ അടക്കമുള്ള എല്ലാ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കൊച്ചി മെട്രോറെയിൽ പദ്ധതി, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യസാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ.മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL,

LIBRARY ARCHIVES Kerala Legislative Assembly

Electric Machine Ltd, SCL ഉം SAIL യുമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തുനിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടിഫിക്കേഷൻ പുറത്തിറക്കുക, കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധമായ ചട്ടങ്ങളിൽ ഇളവുവരുത്തുക, കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര നയങ്ങളിൽ മാറ്റം തുടങ്ങിയവയും ആവശ്യപ്പെട്ടു. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക, മരുന്നുകളുടെ വില നിയന്ത്രിക്കുക, പാലക്കാട് റെയിൽകോച്ച് ഫാക്ടറി സ്ഥാപിക്കുക, വിഴിഞ്ഞം പദ്ധതിക്കായി VGF (Viability Gap Funding) അനുവദിക്കുക, ആർ.സി.സി.യെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുക, നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണം, ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുക, ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജ്, മത്സ്യബന്ധനമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപം 40 ശതമാനത്തിൽനിന്നും 75 ശതമാനമാക്കി ഉയർത്തുക, കേരളത്തിൽ സബർബൻ റെയിൽ സർവ്വീസ് ആരംഭിക്കുക, കേന്ദ്ര ഗവൺമെന്റിന്റെ 100 സ്മാർട്ട് സിറ്റി പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയെ ഉൾപ്പെടുത്തുക, സൊമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയിലുള്ള നാവികരുടെ മോചനം, കേരളത്തിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായം അനുവദിക്കുക, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസിന് ഒറ്റത്തവണ സാമ്പത്തിക സഹായമായി 100 കോടി രൂപ അനുവദിക്കുക, ജവഹർലാൽ നെഹ്റു ടോപ്പിക്കൽ ബൊട്ടാണിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ, മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണയുടെ ലഭ്യത, മുല്ലപ്പെരിയാർ വിഷയം, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ തുറമുഖങ്ങളുടെ വികസനം തുടങ്ങിയവയും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട വിഷയങ്ങളാണ്.

(ബി) കേന്ദ്ര സർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചിമെട്രോ റെയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും KSIDC, GAIL-ലുമായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും ഗ്യാസ് പൈപ്പ് ലൈൻവഴി വിതരണം ചെയ്യുന്നതിനാവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനായി അന്തിമാനുമതിക്കായുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന്റെ വികസനത്തിന് കേന്ദ്ര സർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടാകാറില്ല.

ദേശീയ പെൻഷൻ പദ്ധതിയും നിയമനവും

13 (2827) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം NPS (National Pension Scheme) നടപ്പിലാക്കുന്നതിന് മുൻപ് പി.എസ്.സി. മുഖേന എത്ര നിയമങ്ങനൾ നടത്തിയിട്ടുണ്ട്; വകുപ്പുകൾ തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) NPS നടപ്പിലാക്കിയശേഷം PSC മുഖേന നടത്തിയ നിയമനങ്ങൾ എത്ര ; വകുപ്പതിരിച്ചുള്ള വിശദവിവരം നൽകുമോ ;

(സി) NPS-ൽ ജീവനക്കാരിൽ നിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ Matching Grant അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; ഇത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly